(സി) പ്രസ്തുത ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറോട് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിക്കുന്നതാണ്.

148 (2462) പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വാക്സിനുകൾ ഉല്പാദിപ്പിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലബോറട്ടറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്ന കാര്യവും പരിഗണിച്ചുവരുന്നു. ലബോറട്ടറിയുടെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

149 (2463) മിൽമയുടെ പുന്നപ്രയിലെ സെൻട്രൽ പ്രോഡക്ട്സ് ഡയറി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പുന്നപ്രയിലെ സെൻട്രൽ പ്രോഡക്ട്സ് ഡയറിയിൽ 'റിഫ്രഷ്' മാംഗോ ജ്യൂസ് നിർമ്മാണത്തിന് 1999 ഏപ്രിൽ, ജൂൺ മാസങ്ങളിൽ കാലാവധി കഴിഞ്ഞ മാമ്പഴ പൾപ്പ് ഉപയോഗിച്ചുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പക്കൽ മാംഗോ പൾപ്പ് ഉണ്ടായിരുന്നിട്ടും തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽ നിന്നും നിലവാരം കുറഞ്ഞ പൾപ്പാണ് വാങ്ങുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ആരോപണത്തെ തുടർന്ന് ആരെയെങ്കിലും അന്വേഷണ വിധേയമായി സസ്പെന്റു ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) മിൽമയുടെ പുന്നപ്ര പ്രോഡക്ട്സ് ഫാക്ടറിയിൽ കാലാവധി കഴിഞ്ഞ മാമ്പഴ പൾപ്പ് ഉപയോഗിച്ചിട്ടില്ല.

(ബി)&(സി) മിൽമ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണ്. ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ ആശ്യമായിവരുന്ന അസംസ്കൃത സാധനങ്ങൾ അവയുടെ ഗുണനിലവാരവും താരതമ്യവിലയും കണക്കിലെടുത്താണ് വാങ്ങുന്നത്. മാംഗോ പൾപ്പിന്റെ വിലയും ഗുണനിലവാരവും പരിശോധിച്ച് ലാഭകരവും ഗുണനിലവാരം ഉറപ്പുള്ളതും ആയിട്ടുള്ള മാംഗോപൾപ്പ് മാത്രമേ വാങ്ങിയിട്ടുള്ളൂ.

2000-മാണ്ട് ഫെബ്രുവരി 25-ാം തീയതി കാലാവധി കഴിഞ്ഞ മാമ്പഴ പൾപ്പ് ഉപയോഗിച്ച് 'റിഫ്രഷ്' നിർമ്മിക്കുവാൻ ശ്രമിച്ചതായുള്ള ആരോപണത്തിന്റെമേൽ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന്നപ്ര പ്രോഡക്ട്സ് ഫാക്ടറിയിലെ സീനിയർ മാനേജരെയും ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് മാനേജരെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയുമുണ്ടായിട്ടുണ്ട്.

150 (2464) വടവാതൂർ ഡയറി ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റെ വാടക

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര-വികസന വകുപ്പിന്റെ വടവാതൂർ ഡയറി ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കൊടുക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വർഷത്തെ വാടക കൊടുത്തു തീർക്കാനുണ്ട്;

(സി) പ്രസ്തുത വാടക കൊടുക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ വാടക കൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്നത്തേക്ക് വാടക കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14 വർഷം 8 മാസം.

(സി) കോട്ടയം മിൽക്ക് സപ്ലൈ യൂണിയൻ വായ്പ കുടിശ്ശിക ഇനത്തിലും മറ്റുമായി സർക്കാരിന് നൽകേണ്ടുന്ന തുക ക്രമീകരിക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസമാണ് കാരണം.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly